**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1846** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പിന്റെ വില്പനശാലകൾ സ്വകാര്യവൽക്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പിന്റെ വില്പനശാലകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സംഭരണ-വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിപണനശാലകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ വിപണനശാലകൾ നേരിട്ട് നടത്തുമ്പോൾ വാടക, അഡ്വാൻസ്, വൈദ്യുതി, വേതനം എന്നിങ്ങനെ അധിക ബാദ്ധ്യത സ്ഥാപനത്തിനുണ്ടാകുന്നതിനാലാണ് ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ കൂടുതൽ വിപണന ശാലകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നത്.<br><br>പഴം-പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നു തന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജക മണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടു കൂടി ഗ്രാമശ്രീ ഹോർട്ടി ബസാറുകളും എല്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ / മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും വരും വർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | പല പച്ചക്കറികൾക്കും വിപണി വിലയേക്കാൾ ഉയർന്ന വില ഹോർട്ടികോർപ്പിൽ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗം, വി.എഫ്.പി.സി.കെ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്ന വിപണിവില താരതമ്യം ചെയ്താണ് ഹോർട്ടികോർപ്പ് ദിവസേന വില നിശ്ചയിക്കുന്നത്. സാധാരണ നാടൻ പച്ചക്കറികൾക്കും ജൈവ പച്ചക്കറികൾക്കും മറുനാടൻ പച്ചക്കറികളെക്കാൾ വിപണിവില ഉയർന്നു നിൽക്കും. നിത്യോപയോഗത്തിന് അനിവാര്യമായതും കേരളത്തിൽ |

| | | | |
|---|---|---|---|
| | | | ഉത്പാദിപ്പിക്കപ്പെടാത്തതും, സുലഭമല്ലാത്തതുമായ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നോ കച്ചവടക്കാരിൽ നിന്നോ വാങ്ങാൻ ഹോർട്ടികോർപ്പ് നിർബന്ധിതമാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വില നിയന്ത്രണം കർശനമായി പാലിക്കാൻ കഴിയാതെ വരുമെങ്കിലും മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ നിരക്കിലാണ് പഴം -പച്ചക്കറികൾ ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിപണനം നടത്തി വരുന്നത്. |
| (സി) | വിപണിയിലെ ആവശ്യം പരിഗണിച്ച് സംഭരണ വിപണന പ്രവർത്തനങ്ങൾക്ക് ആധുനികവൽക്കരണം ഏർപ്പെടുത്തുമോ; പരിശോധനകൾക്ക് സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ; | (സി) | ആധുനികവൽക്കരണത്തിന്റെ പ്രാരംഭ നടപടിയായി ഇടുക്കി ജില്ലയിലെ കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ കേട്ടു കൂടാതെ സൂക്ഷിക്കുന്നതിനായി നിലവിലെ പ്രീ-കൂളിംഗ് യൂണിറ്റും കോൾഡ് സ്റ്റോറേജ് യൂണിറ്റും പുനരുദ്ധാരണം ചെയ്യുന്നതിനും ഈ ഉൽപ്പന്നങ്ങൾ മറ്റു ജില്ലകളിൽ എത്തിക്കുന്നതിന് ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ വാങ്ങുന്നതിനുമായി 185 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ആർ.ഐ.ഡി.എഫ് ഫണ്ട് ഉപയോഗിച്ച് 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ് തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ഡി) | നാട്ടിൽ കൃഷിചെയ്യുന്ന വിഷമുക്തമായ പച്ചക്കറി സംഭരിച്ചു വിതരണം ചെയ്യുന്നതിന് ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ ഹോർട്ടികോർപ്പിന്റെ പ്രധാന ഔട്ട്‌ലെറ്റുകൾ മുഖേന വിപണനം നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ ഹോർട്ടികോർപ്പിന്റെ കീഴിലുള്ള പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്ത് പ്ലേറ്റ്' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും, കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്‌ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപ്പാടത്ത് നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്‌ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. വരും വർഷങ്ങളിൽ ഉത്പന്നങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |
| (ഇ) | പച്ചക്കറികൾ സംഭരിച്ച വകയിൽ കർഷക | (ഇ) | ഇല്ല. പച്ചക്കറി സംഭരിച്ച വകയിൽ കർഷക |

| | | | |
|---|---|---|---|
| | സംഘങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള മുഴുവൻ തുകയും കൊടുത്തു തീർത്തിട്ടുണ്ടോ; വിശദമാക്കുമോ; | | സംഘങ്ങൾക്ക് 2022 ഒക്ടോബർ മാസം വരെ 96,85,160/-രൂപ നൽകാനുണ്ട്. ശേഷിക്കുന്ന തുക വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | ഹോർട്ടികോർപ്പ് ജീവനക്കാരായുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | 24.10.94ലെ സ.ഉ (കൈ) നം.17/94/പ്ലാനിംഗ് ഉത്തരവ് പ്രകാരവും, 31.12.2018ലെ പരിപത്രം നം.124/2018/ഫിൻ പ്രകാരവും തുടർച്ചയായി രണ്ട് വർഷം ലാഭകരമായി പ്രവർത്തിക്കുന്നതും, അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്ക് ശേഷം വാർഷിക കണക്കുകൾ കൃത്യമായി സമർപ്പിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന വിഷയം മാത്രമെ പരിഗണിക്കാറുള്ളൂ. എന്നാൽ ഹോർട്ടികോർപ്പ് ടി രണ്ട് വ്യവസ്ഥകളും പാലിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ആനുകൂല്യങ്ങൾ പരിഷ്കരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ